LIBRARY ARCHIVES Kerala Legislative Assembly

പ്രോവിഡന്റ് ഫണ്ട്

392 (370) ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സിറ്റി ഡിപ്പോയിലെ ജീവനക്കാരന്റെ പി. എഫ്. നമ്പർ 53823 എന്ന അക്കൗണ്ടിൽ അയാൾ സർവ്വീസിൽ കയറിയ നാൾ മുതൽ 2015 ഡിസംബർ 31 വരെ എത്ര തുക നിക്ഷേപമുണ്ട്;

(ബി) ഇയാളുടെ പ്രോവിഡന്റ് ഫണ്ട് തുകയെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം സിറ്റി ഡിപ്പോയിലെ ജീവനക്കാരന്റെ പി.എഫ്. നമ്പർ 53823 അക്കൗണ്ടിൽ ടിയാൻ സർവ്വീസിൽ കയറിയ നാൾ മുതൽ 2015 ഡിസംബർ 31 വരെയുള്ള തുകയുടെ ലഭ്യമായ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

വാഹനങ്ങളിലെ ബോർഡുകൾ

393 (371) ശ്രീ. പി. ബി. അബ്ദുൾ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല പ്രത്യേകിച്ച് ഗതാഗത വകുപ്പിലെ തന്നെ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ പ്രദർശിപ്പിക്കേണ്ട ബോർഡുകളെ സംബന്ധിച്ച് നിബന്ധനകൾ ഉൾപെടുത്തിയ ചട്ടം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ പരിശോധനാഫലം വെളിപ്പെടുത്തുമോ;

(സി) വ്യവസ്ഥകളെ അവഗണിച്ച് വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ, നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) പരിശോധിക്കാറുണ്ട്. പല സ്ഥാപനങ്ങളും തെറ്റായ രീതിയിൽ ബോർഡ് പ്രദർശിപ്പിക്കുന്നതായും, ചില സ്ഥാപനങ്ങൾ അനധികൃതമായി ബോർഡ് പ്രദർശിപ്പിക്കുന്നതായും കണ്ടുവരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ബോർഡ് നീക്കം ചെയ്യുന്നതിന്/ബോർഡ് ശരിയായ രീതിയിൽ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പിഴയും ഈടാക്കാറുണ്ട്.

(സി) ഉണ്ട്. സ്വീകരിച്ചു വരുന്നുണ്ട്.

റോഡപകടങ്ങൾ

394 (372) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 1-7-2011 മുതൽ 31-12-2015 വരെ ഓരോ ജില്ലയിലും നടന്ന റോഡപകടങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നിയമിക്കപ്പെട്ട ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1-7-2011 മുതൽ 31-12-2015 വരെയുള്ള റോഡപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) റിപ്പോർട്ടിലെ ശിപാർശ പ്രകാരം അപകട സാധ്യത കൂടിയ സ്പോട്ടുകൾ കണ്ടെത്തി സൈനേജുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ റോഡ് സുരക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർച്ചയായ റോഡപകടങ്ങൾ നടക്കുന്ന നാഷണൽ ഹൈവേയിലെ ഹരിപ്പാട്-കായംകുളം ഭാഗം വീതി കൂട്ടുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ മറ്റ് ശിപാർശകളിൽ പൊതുമരാമത്ത്, പൊതു വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly